കടൽക്ഷോഭം നിയന്ത്രിക്കുന്നതിന് നടപടി

31 (181) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടൽക്ഷോഭം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് കടലാക്രമണഭീഷണിയുള്ള എത്ര കടൽത്തീര പ്രദേശം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ എത്ര കിലോമീറ്റർ പ്രദേശം കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട് ;

(ഡി) കടൽഭിത്തി ഇല്ലാത്ത തീരപ്രദേശങ്ങളിൽ കടലാക്രമണ ഭീഷണി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ഇ) ആലപ്പുഴ നഗരത്തിൽ കടലാക്രമണ ഭീഷണിയുള്ള എത്ര കിലോമീറ്റർ തീരപ്രദേശങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിൽ എത്ര കിലോമീറ്റർ കടൽഭിത്തി സംരക്ഷിച്ചിട്ടുണ്ട് ; എത്ര കി.മീറ്റർ തീരപ്രദേശത്തുകൂടി കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) കടൽഭിത്തി ഇല്ലാത്ത തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനും കടൽഭിത്തി കെട്ടുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ കടൽഭിത്തി നിർമ്മാണവും, നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. അടിയന്തിര ഘട്ടങ്ങളിൽ മണൽച്ചാക്ക് അടുക്കുകയും കരിങ്കൽചിറ നിർമ്മിച്ചും മുൻകരുതൽ നടപടികൾ നടത്തിവരുന്നു.

(ബി&സി) 448.20 കിലോമീറ്റർ. ഇതിൽ 360.78 കിലോമീറ്റർ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(ഡി) കടൽഭിത്തിയില്ലാത്ത തീരപ്രദേശങ്ങളിൽ കടലാക്രമണഭീഷണി തടയുന്നതിനും 86 കി. മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും, പഴയ കടൽഭിത്തിയുടെ 37 കി.മീ. പുനർനിർമ്മാണത്തിനുമായി 262.20 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) 8 കിലോമീറ്റർ.

(എഫ്) ഇതിൽ 5.900 കി.മീറ്റർ തീരത്ത് കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. 2.100 കി. മീറ്റർ തീരം കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly